
INDIAN SOCIETY OF AUTHORS insa

ജൂലൈ 2018
പുസ്തകം-5 ലക്കം-7

# നവനീതം

## സാംസ്കാരിക മാസിക



ജസ്റ്റീസ് കെ. സുകുമാരൻ
ഡോ. പി.കെ. വാര്യർ
വി.കെ.കെ. രമേഷ്
സെബാസ്റ്റ്യൻ വട്ടമറ്റം
പഴകുളം സുഭാഷ്

കഥ

ശിവദാസൻ.എ.കെ
ഫോ. 9745464899

# സ്വാമിയച്ചൻ

കുന്നിൻ മുകളിലെ ഒറ്റപ്പെട്ട കെട്ടിടത്തിലെ മുറിയിൽ അവർ രണ്ടു പേരെ ഉണ്ടായിരുന്നുള്ളൂ.

പുറത്ത് മഞ്ഞു കുളിർപ്പിച്ച മരങ്ങൾ ഇളം കാറ്റിൽ ചൂളിപ്പിടിച്ചു നിന്നു. ഇവർക്കിതൊന്നു നിർത്താറായില്ലെ എന്ന് പരിഭവപ്പെട്ട് ഏതാനും മിന്നാമിനുങ്ങുകൾ മുറ്റത്തു നിന്ന് ഇടക്ക് കയറി തല നീട്ടുന്നതല്ലാതെ മറ്റാരും അവർക്കൊരു ശല്യമായില്ല.

എന്നിട്ട്?

ചെറുപ്പക്കാരൻ വയസ്സു ചെന്ന യാളുടെ മുഖത്തേക്ക് നോക്കി.

വയസ്സുചെന്നയാൾ കാവി നിറത്തിലുള്ള ഒരു ളോഹയിൽ ആവരണം ചെയ്യപ്പെട്ടിരുന്നു. കാവിക്കുപ്പായത്തിന് പുറത്ത് കറുത്ത മണികളുള്ള വെന്തിങ്ങയിൽ തടിച്ച ഒരു മരക്കുരിശ് അങ്ങുമിങ്ങും കിടന്നാടുന്നു.

അതൊരു പത്തിരുപത്തഞ്ചു കൊല്ലം മുമ്പല്ല്യോ. എന്നാലും ഇന്നലെപ്പോലെ മനസ്സിൽ.

അല്പം കണ്ണടച്ചിരുന്ന ശേഷം കാവിക്കാരൻ തുടർന്നു.

തെക്കെങ്ങാണ്ട് ഒരു വീട്ടി വേലക്ക് നിന്ന പെണ്ണാ. അമ്മിണി. ആ ,അതു തന്നെ പേര്. കൊറെ താഴത്തുള്ള കൊവേന്തപ്പള്ളീലെ കപ്യാരാ എന്നെ രാത്രി വിളിച്ചു പറഞ്ഞെ. ഞാനന്നവിടെ വികാരിയാ.

ഒരു പെണ്ണ് റെയിൽ പാളത്തി തല വെയ്ക്കാൻ വന്ന വിവരം.

രാത്രി പള്ളി പൂട്ടി അങ്ങോര് വീട്ടിലേക്ക് നടന്നു പോകുകയായിരുന്നു.

അപ്പഴാ റെയിൽപാളത്തി കുറുകെ കിടക്കുന്നൊരു രൂപം. ഒരു വിധത്തീ വലിച്ച് മാറ്റിയെടുത്ത് നിർത്തി കാര്യം ചോദിച്ചു. പെണ്ണൊരു വക മിണ്ടുന്നില്ല. അപ്പുറത്തൊരു വീട്ടി കേറ്റിയിരുത്തിയേച്ച് എന്നെ വിളിക്കാൻ വന്നു. രാത്രി തന്നെ ഞാൻ ചെന്നു. കുറെ ചോദിച്ചപ്പഴാ ഒന്നു മിണ്ടിയത്. അവക്ക് വയറ്റിലൊണ്ടാർന്ന്. ഒരഞ്ചാറുമാസമായിക്കാണുമെന്നാ ഓർമ്മ. അമ്മിണി. ഞാൻ മുന്നേ പറഞ്ഞില്ലേ. അതാർന്നു പേര്. ഒരു വീട്ടി വേലക്ക് നിന്ന താ. അവിടുത്തെ ചെറുക്കൻ പറ്റിച്ചതാ. അന്നൊന്നും ഇങ്ങനെ കേസും പുക്കാറുമൊന്നുമില്ല.. അടുത്തൊന്നും ഒരു കന്യാസ്ത്രീമഠവുമില്ല. അവളെ അങ്ങനെയങ്ങ് പറഞ്ഞു വിടാൻ പറ്റുമോ. വിട്ടാൽ വീണ്ടും വണ്ടിക്കു തല വെയ്ക്കുമെന്നുറപ്പ്. അതു കൊണ്ട് ഞാനൊരു തീരുമാനമങ്ങെടുത്തു. തല്ക്കാലം വീട്ടിതാമസിപ്പിക്കാമെന്ന് ഒരു കൂട്ടരെ കൊണ്ടങ്ങു സമ്മതിപ്പിച്ചു. പണ്ടായിരുന്നതു കൊണ്ടാ. ഇന്നാണേ വല്ലോരും കേൾക്കുമോ. പേടിക്കണ്ട എന്തു ചെലവും ഞാൻ വഹിച്ചോളാന്ന്.

കാവിക്കാരൻ അല്പ നേരം മിണ്ടാതിരുന്ന് മരക്കുരിശ്ശിൽ പിടി മുറുക്കി.

കർത്താവിന്റെ തീരുമാനം അതായിരിക്കും. അല്ല പിന്നെ. ഗതി കെട്ടവരെയല്ലാതെ മറ്റാരെ സ്വീകരിക്കാനാ. പക്ഷേങ്കി കുറച്ചു കഴിയും മുന്നേ പുകില് തൊടങ്ങി. അച്ചൻ ഗർഭിണി പ്പെണ്ണിനെ പാർപ്പിച്ചേക്കുന്ന കാര്യം നാടൊട്ടുക്കങ്ങ് പരന്നു. കപ്യാർക്കറിയാം സത്യം. അതുകൊണ്ടെന്താ. ദോഷം പറയാനല്ലേ ആള് കൂടുതൽ. ഞാനന്ന് ചില ഇടവക പ്രമാണി മാരുമായിട്ടൊക്കെ ഒടക്കി നിൽക്കുവാ. അവരിതൊന്ന് കൊഴുപ്പിച്ചു. അച്ചൻ വയറ്റിലൊണ്ടാക്കിയ പെണ്ണെന്ന്. പോരെ പൂരം. അരമനക്കാരറിഞ്ഞു. അന്വേഷണമായി. എന്നെ പള്ളിച്ചുമതലേന്ന് ഒഴിവാക്കി സ്ഥലം മാറ്റുമെന്നായി. ഞാൻ സത്യം പറഞ്ഞു. പക്ഷേ നാട്ടുകാരെ ബോധിപ്പിക്കണ്ടേന്ന് മെത്രാൻ. എന്നാ പിന്നെ എന്നെ വിശ്വാസമില്ലാത്തിടത്ത് ഇല്ലെന്ന് ഞാൻ. അങ്ങനെയാ സഭേന്ന് പോന്നെ. ഈ സ്ഥലോം വീടും വാങ്ങിയത് എന്റെ അമ്മ മരിച്ച ശേഷം വീതം കിട്ടിയ കാശു കൊണ്ടാ. പിന്നിങ്ങനെ ഒരാശ്രമമായി. കാവിക്കാരൻ പറഞ്ഞു നിർത്തി.

ചെറുപ്പക്കാരൻ പെട്ടെന്നു ചോദിച്ചു.

എന്നിട്ടാ പെണ്ണിന്റെ കാര്യം.

അതോ. പ്രസവം വരെ ആ വീട്ടി താമസിച്ചു. വേദന തുടങ്ങിയപ്പോ ടൗണിലെഒരാശുപത്രിയിലാക്കി. മിടുക്കൻ ഒരാൺകുഞ്ഞ്. പിന്നിങ്ങോട്ട് വന്നില്ല. കേട്ടറിഞ്ഞ് ഒരഗതി മന്ദിരക്കാര് വന്ന് കൊണ്ടോയി. പിന്നേം ഒരു പത്തു വർഷം മുമ്പ് വരെ വല്ലപ്പോഴും അവളെന്നെ കാണാൻ വരുമായിരുന്നു. അഗതി മന്ദിരത്തീത്തന്നെയാ അവളും കൊച്ചനും താമസം. ഒരു പത്തുപതിനഞ്ച് വർഷായിട്ട് ഒരു വിവരോമില്ല.

ആ ഒന്നോർത്താ അതിന്റെ ആവശ്യോമില്ല. അവരൊരു കര പറ്റിക്കാണും. കര പറ്റിയാ പിന്നെ മനുഷ്യേര് കഴിഞ്ഞത് വല്ലോം ഓർക്കണമെന്ന് നിർബന്ധമുണ്ടോ. അങ്ങനെ എന്തെല്ലാം കഥകള്.

കാവിക്കാരൻ കസാരപ്പടിയിൽ താളം പിടിച്ചു കൊണ്ടിരുന്നു. എന്നിട്ട് ചോദിച്ചു.

വൈകിയാ ഇയാൾക്ക് വണ്ടി കിട്ടുമോ

ഞാൻ സ്വന്തം വണ്ടിയേലല്ലേ വന്നിരിക്കുന്നത്

ഓ ഞാനത് മറന്നു.

നിങ്ങളിത്ര ദൂരത്തൂന്ന്. ആരാ എന്നെപ്പറ്റി ഇതൊക്കെ പറഞ്ഞു.

അങ്ങനെയൊന്നുല്യ. ജീവിതമല്ലേ. വ്യത്യസ്ത തരത്തിൽ ചിന്തിക്കുന്നവരെ കാണണം. അവരെപ്പറ്റി അറിയണം. കഥകൾ കേൾക്കണം. എഴുതണം. ഞാൻ മുന്നേ പറഞ്ഞില്ലേ. അതൊക്കെയാ പ്രധാന ലക്ഷ്യം.

അപ്പോൾ ഇയാളുടെ അടുത്ത പുസ്തകത്തിൽ ഞാനും കാണുമല്ലേ. കാവിക്കാരൻ ചിരിച്ചു.

ഇവിടിപ്പം അങ്ങനെ വല്യ കാര്യമൊന്നുമില്ല. കുറെ ഗതിയില്ലാത്ത പിള്ളേര് തയ്പ് പഠിക്കുന്നുണ്ട്. പിന്നെ തേനീച്ച വളർത്തല്. റോൾഡ് ഗോൾഡ് പണി. അങ്ങനെ കൊറെ തൊഴില് പഠിത്തം. ഇത്രയേയുള്ളു.

സ്വാമിയച്ചനെന്താ ഒറ്റക്ക്. ഇവിടെ കാവൽക്കാരും കുശിനിക്കീരുമൊന്നുമില്ലേ.

ഞാനെന്നും ഒറ്റക്കല്ല്യോ. ഞാൻ തന്നെ ഏറ്റോം വല്യ കാവൽക്കാരനും, കുശിനിക്കാരനും.

ഇതൊക്കെ ഒറ്റക്ക് നോക്കി നടത്താനൊക്കുമോ

ഇത്രേം കാലം നടത്തിയില്ലെ. ഇനിയും നടക്കണയിടത്തോളം നടക്കട്ടെ.

ഇനിയൊന്നും പറയാനില്ലാത്തതു പോലെ അവർക്കിടയിൽ മൂകത വന്നു വീണു. പുറത്ത് കുറെ ചീവീടുകളുടെ കരച്ചിലിലേക്ക് നേരിയൊരിളം നിലാവ് പാറി വീണു.

എങ്കീ ഞാനിറങ്ങട്ടെ. ചെറുപ്പക്കാരൻ യാത്ര പറഞ്ഞെഴുന്നേറ്റു.

ഇനി വരികാണേ രാത്രിയാവാൻ നിക്കണ്ട.നേരത്തെ പോരെ. ആദ്യമായി കാണുകാണേലും നമ്മള് തമ്മിലൊരു മുൻജന്മബന്ധം പോലെ.

ഓ. അങ്ങിനെയാട്ടെ.

ചെറുപ്പക്കാരൻ മുറ്റത്തിറങ്ങി അല്പനേരം നിന്നു. ചുറ്റും കണ്ണോടിച്ചു. എന്നിട്ട് തന്റെ ബൈക്കിലേക്ക് കയറി.

ബൈക്ക് ഇരുട്ട് കീറി മുറിച്ച് താഴേക്ക് പോയി. അവിടെ ഒരിടത്ത് നാലഞ്ചുപേർ കൂടി നിന്നിരുന്നു.

എന്തായി?

കൂടി നിൽക്കുന്നവർ ആകാംക്ഷയോടെ തിരക്കി.



ചെറുപ്പക്കാരൻ ബൈക്ക് അവരിലൊരാളെ ഏൽപ്പിച്ച് പറഞ്ഞു.

ഇന്ന് വേണ്ട പോകാം.

കൂടി നിന്നവർക്കിടയിൽ ആശയക്കുഴപ്പമായി. പക്ഷേ ചെറുപ്പക്കാരനോട് ആരും മറുത്തു പറയുന്നതായി തോന്നിയില്ല.

ഇരുട്ടിൽ ഒളിച്ചിരുന്ന ഒരു ജീപ്പ് വെളിച്ചത്തോടെ പ്രത്യക്ഷപ്പെട്ടു. ജീപ്പ് മുന്നോട്ട് നീങ്ങവെ വണ്ടിക്കുള്ളിൽ നിന്ന് പല ചോദ്യങ്ങളുമുയർന്നു.

എന്തേ വേണ്ടെന്ന് പറഞ്ഞത്. അയാളൊറ്റക്കല്ലേ താമസം. കേട്ടിടത്തോളം പൂത്ത കാശുകാണും കാർന്നോരുടെ കൈയ്യിൽ.

ചെറുപ്പക്കാരൻ ഉദാസീനനായിരിക്കുന്നത് കണ്ട് ഒരാൾ എടുത്തു ചോദിച്ചു.

ആശാനിതെന്നാ പറ്റി. ഈ പരിപാടി പ്ലാൻ ചെയ്തത് ആശാനായിരുന്നല്ലോ. എന്തൊരു ആവേശത്തിലായിരുന്നു. ഒറ്റക്ക് പോയി കാര്യങ്ങളെല്ലാം അറിഞ്ഞ് വരാന്ന് പറഞ്ഞിട്ട് . ഇതൊന്നും പതിവില്ലാത്തതതാണല്ലോ.

എന്നിട്ട് അവിടുത്തെ കാര്യങ്ങളൊന്നും പറഞ്ഞില്ലല്ലോ. ഇത്രേം നേരം ആശാനെന്തെടുത്തെന്ന് പറ.

ചെറുപ്പക്കാരൻ തലയുയർത്തി എല്ലാവരേയും നോക്കി.

അയാളയാളുടെ കഥകളൊക്കെ പറയുകയായിരുന്നു.

അതിന് നമുക്കെന്താ

ആരോ ഒരാൾ ചോദിച്ചു.

ഒന്നുമുണ്ടായിട്ടല്ല. ഒരു തള്ളേടേം, മോന്റേം കഥ കേട്ടപ്പോൾ ഒരു വല്ലായ്ക. അതു കൊണ്ടാ വേണ്ടെന്ന് പറഞ്ഞേ.

ഇതൊന്നും കള്ളൻമാരെ ബാധിക്കേണ്ട കാര്യമില്ല. ആരോ അമർഷത്തോടെ പറഞ്ഞു. ഇതാവുമ്പം കേട്ടിടത്തോളം റിസ്ക് കുറവായിരുന്നു.

വണ്ടിക്കുള്ളിൽ വീണ്ടും നിശബ്ദത തളം കെട്ടി. ഇരുട്ട് കീറിമുറിച്ച് ജീപ്പ് മുന്നോട്ട് പോയിക്കൊണ്ടിരുന്നു.

എന്നിട്ടാ തള്ളക്കും മോനും എന്തു പറ്റിയെന്നാ പറഞ്ഞെ. ആ നിശബ്ദതയിലേക്ക് ആരോ ഒരു ചോദ്യമെറിഞ്ഞു.

തള്ള ചത്തു പോയി. ചെറുപ്പക്കാരൻ പുറത്തേക്ക് നോക്കി പറഞ്ഞു. പക്ഷേ മോൻ, എനിക്കറിയാമേല.

അപ്പോൾ അയാളുടെ കണ്ണിലിരുണ്ടു കൂടിയ രണ്ടു തുള്ളി കണ്ണുനീർ ഇരുട്ട് സമർത്ഥമായി ഒളിപ്പിച്ചു കളഞ്ഞു.

www.sivadasanak.in